*Malappuram District Police*

## 28.06.2017 വണ്ടൂർ

പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ മൊബൈലിൽ അശ്ലീലദൃശ്യങ്ങൾ കാണിച്ച് വശീകരിച്ച് നിരന്തരം പീഡിപ്പിച്ച യുവാവ് പിടിയിൽ. തമിഴ്നാട് ഗൂഡല്ലൂർ എല്ലുമല കുന്നുമ്മൽ ഡേവിഡിനെയാണ് (33) വണ്ടൂര് പോലീസ് ഇൻസ്പെക്ടര് എ.ജെ. ജോൺസന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റു ചെയ്തത്. വാടകവീട്ടിൽ കുടുംബസമേതം താമസിച്ചുവരുന്ന പ്രതി, സമീപത്തു താമസിക്കുന്ന പതിനഞ്ചുകാരിയെയാണ് കഴിഞ്ഞ ഒമ്പതു മാസമായി പീഡിപ്പിക്കുന്നത്. പെൺകുട്ടിയെ മൊബൈലിൽ അശ്ലീല വീഡിയോകള് കാണിച്ച് പ്രലോഭിപ്പിച്ചാണ് ഇയാൾ കൃത്യം ചെയ്തിരുന്നത്. വീട്ടുകാർക്ക് സംശയം തോന്നിയതിനെത്തുടർന്ന് പോലീസിൽ അറിയിക്കുകയായിരുന്നു. ഇയാളെ ചോദ്യം ചെയ്തതതോടെയാണ് വിവരം പുറത്തറിയുന്നത്. 2016 ഒക്ടോബർ മാസം മുതൽ പെൺകുട്ടിയുമായി ബന്ധമുണ്ടെന്ന് പ്രതി സമ്മതിച്ചു. പ്രതിക്കെതിരെ കുട്ടികൾക്കെതിരേയുള്ള ലൈംഗികാതിക്രമ നിരോധന നിയമമുൾപ്പെടെയുള്ള വിവിധ വകുപ്പുകള് പ്രകാരം കേസെടുത്തു. വണ്ടൂർ പോലീസ് ഇൻസ്പെക്ടർ എ.ജെ. ജോൺസൺ, എസ്.ഐ. പി. ചന്ദ്രൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.